**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 76** **23-01-2025 - ൽ മറുപടിയ്ക്ക്**

**മതസ്പർദ്ധ വളർത്തുന്ന പരാമർശത്തിനെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ചാനൽ ചർച്ചയിൽ ഒരു മതസമൂഹത്തെ അധിക്ഷേപിക്കുകയും അവരോട് മറ്റൊരു രാജ്യത്തേക്ക് പോകാൻ ആഹ്വാനം ചെയ്തുകൊണ്ടുമുള്ള പി. സി. ജോർജ്ജ് - ന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരാമർശങ്ങൾക്കെതിരെ പോലീസിൽ ആരെങ്കിലും പരാതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | പ്രസ്തുത പരാമർശങ്ങൾക്കെതിരെ ആകെ 20 പരാതികൾ ലഭിച്ചിട്ടുണ്ട്. ലഭിച്ച പരാതികൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.<br>പത്തനംതിട്ട – 1, കോട്ടയം - 8,<br>ഇടുക്കി - 2, തൃശ്ശൂർ - 1, മലപ്പുറം - 6,<br>കോഴിക്കോട് - 1, വയനാട് - 1 |
| (സി) | പരാതിയിൽ കേസ്സെടുത്തിട്ടുണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്തതെന്നും പ്രസ്തുത കേസിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ; | (സി) | ഈരാറ്റുപേട്ട പോലീസ് സ്റ്റേഷൻ ക്രൈം. 49/2025/U/S 196(1)(a), 299 BNS 120(0) KP Act, D/R 10.01.2025-ൽ രജിസ്റ്റർ ചെയ്ത കേസിലേയ്ക്ക് 13.01.2025-ൽ ബഹു. കോട്ടയം സെഷൻസ് കോടതി മുമ്പാകെ ഇതിലെ പ്രതി ജാമ്യ അപേക്ഷ സമർപ്പി ച്ചിട്ടുള്ളതും ആയതിലേയ്ക്കുള്ള bail rejection റിപ്പോർട്ട് 14.01.2025-ൽ ബഹു കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്. ബഹു. കോട്ടയം സെഷൻസ് കോടതിയുടെ 18.01.2025-ലെ ഉത്തരവ് പ്രകാരം 25.01.2025-ൽ പരാതിക്കാരന്റെ മുൻകൂർ ജാമ്യ അപേക്ഷയിന്മേൽ വിചാരണ കേൾക്കുന്നത് വരെ ടിയാനെ അറസ്റ്റ് ചെയ്യരുതെന്ന് (Crl.M.C. No. 97/2025 in Crl.M.C. No. 93/2025) പ്രകാരം ഉത്തരവ് ആയിട്ടുള്ളതാണ്. കൂടാതെ പരാതിയുടെ അന്വേഷണത്തിന്റെ ഭാഗമായി Content Removal ചെയ്യുന്നതിനും Preserve ചെയ്യുന്നതിനും 79(3)(b) നോട്ടീസും, 94 BNSS പ്രകാരം Cyber Cell, Youtube-ന് റിക്വസ്റ്റും സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സമൂഹത്തിൽ സ്പർദ്ധ സൃഷ്ടിക്കുന്ന ഇത്തരം പരാമർശങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | സമൂഹത്തിൽ മതസ്പർദ്ധ സൃഷ്ടിക്കുന്ന ഇത്തരം പരാമർശങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. സമൂഹ മാധ്യമങ്ങളിൽ മതസ്പർദ്ധ വളർത്തുന്ന പോസ്റ്റുകൾ നീക്കം ചെയ്യും ആയത് create ചെയ്തവരുടെയും പ്രചരിപ്പിച്ചവരുടെയും വിവരങ്ങൾ സോഷ്യൽ മീഡിയയിൽ നിന്നും ശേഖരിച്ചും കർശനമായ തുടർ നടപടി കൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ